(എ) പാലക്കാട് ജില്ലയിലെ ഏക സർക്കാർ എഞ്ചിനീയറിംഗ് കോളേജായ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടത്തിന് ഹയർ എഡ്യൂക്കേഷൻ വകുപ്പിൽനിന്നും എ. എസ്-ഉം., എസ്. എസ്.-ഉം ലഭിക്കുകയുണ്ടായോ; പ്രസ്തുത കോളേജിന്റെ പ്രധാന കെട്ടിടം നിർമ്മിക്കുവാൻ തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന് പ്രധാന കെട്ടിടം ഇല്ലായെന്ന ഒറ്റക്കാരണത്താൽ എ. ഐ. സി. ടി. ഇ. യുടെ അംഗീകാരം നഷ്ടമാകുവാൻ സാദ്ധ്യതയുണ്ടോ;

(സി) പ്രസ്തുത കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 31-3-2005-ലെ ജി. ഒ. (ആർ. ടി.) 553/05/ ഉ.വി. വ. പ്രകാരം നൽകിയിട്ടുണ്ട്. പ്രത്യേക അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

വി. എച്ച്. എസ്. സി.-ക്കാരെ കരസേനാ റിക്രൂട്ട്മെന്റ് റാലിയിൽനിന്നും നിന്നും ഒഴിവാക്കുന്നത് നിർത്തലാക്കാൻ നടപടി

99 [682] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ പി. എസ്. സി. അംഗീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കോഴ്സുകൾ പ്ലസ്ടു-വിന് തുല്യമാണോ;

(സി) സംസ്ഥാനത്ത് നടക്കുന്ന കരസേനാ റിക്രൂട്ട്മെന്റ് റാലിയിൽനിന്നും വി. എച്ച്. എസ്. സി. ക്കാരെ ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വി. എച്ച്. എസ്. സി.-ക്കാരെ കരസേനാ റിക്രൂട്ട്മെന്റ് റാലിയിൽനിന്നും ഒഴിവാക്കുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ താഴെപ്പറയുന്നവയാണ്:

1. അഗ്രിക്കൾച്ചർ (പ്ലാന്റ് പ്രൊട്ടക്ഷൻ)
2. അഗ്രിക്കൾച്ചർ (ഫ്രൂട്ട്സ് & വെജിറ്റബിൾസ്)
3. അഗ്രിക്കൾച്ചർ (നഴ്സറി മാനേജ്മെന്റ് & ഓർണമെന്റൽ ഗാർഡനിംഗ്)
4. അഗ്രിക്കൾച്ചർ (സെറികൾച്ചർ)
5. ഇ. സി. ജി & ആഡിയോമെട്രിക് ടെക്നീഷ്യൻ
6. ക്ലോത്തിംഗ് & എംബ്രോയിഡറി
7. ഫിസിക്കൽ എഡ്യൂക്കേഷൻ
8. ലൈവ്-സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി ഹസ്ബന്ററി)
9. ലൈവ്-സ്റ്റോക്ക് മാനേജ്മെന്റ് (ഡയറിയിംഗ്)
10. ഡയറിയിംഗ് (മിൽക്ക് പ്രോഡക്ട്സ്)
11. ഓഫീസ് സെക്രട്ടറിഷിപ്പ്
12. സിവിൽ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്.

(ബി) അതെ.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പയ്യന്നൂർ ഗവൺമെന്റ് ബോയ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പുനർനാമകരണം

100 [683] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഗവൺമെന്റ് ബോയ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പേര് സ്വാമി ആനന്ദതീർത്ഥൻ സ്മാരക ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിക്കുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂളിന്റെ പേര് പുനർനാമകരണം ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച ഉത്തരവ് അക്കൗണ്ടന്റ് ജനറലിനും ബന്ധപ്പെട്ട ട്രഷറിക്കും ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് നമ്പർ 2571/04 തീയതി 29-11-2004 പ്രകാരം ഈ സ്കൂളിന്റെ പേര് എ. കുഞ്ഞിരാമൻ സ്മാരക വൊക്കേഷണൽ ഹയർ സെക്കന്ററി എന്ന് മാറ്റിയ സാഹചര്യത്തിൽ പുതിയ പേരുമാറ്റം പ്രായോഗികമല്ല.

(സി) ഡി. ഡി. ഇ.യുടെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly